LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ആരോഗ്യ വകുപ്പിൽ നിലവിലുണ്ട്. ജില്ലാതലത്തിൽ ആശുപത്രികളുടെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ മെഡിക്കൽ ആഫീസറുടെയും സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും നേതൃത്വത്തിൽ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. കൂടാതെ പരാതികൾ പരിശോധിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനോടനുബന്ധിച്ച് സ്റ്റേറ്റ് വിജിലൻസ് വിംഗ്രം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ വിജിലൻസ് വിംഗ്രം പ്രവർത്തിച്ചുവരുന്നു.

കരൾമാറ്റ ശസ്ത്രക്രിയ

69 (776) ശ്രീ. കെ. എൻ. എ. ഖാദർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ഏതെങ്കിലും സർക്കാർ ആശുപത്രിയിൽ സംവിധാനമുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ;

(സി) കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് അവയവദാന സെന്ററുകൾ (ട്രാൻസ്പ്ലാന്റ് സെന്ററുകൾ) ഉള്ളത്;

(ഡി) ഇത്തരം കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാർ മേഖലയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി 19 സെന്ററുകളാണുള്ളത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.